# പി.ഭാസ്കരൻ ജന്മശതാബ്ദി: ശില്പശാല നടത്തി

**തിരുവനന്തപുരം ▸** തൊട്ടതെല്ലാം പൊന്നാക്കിയ പ്രതിഭാശാലിയായിരുന്നു പി.ഭാസ്കരനെന്ന് കവി പ്രഭാവർമ പറഞ്ഞു.

കേന്ദ്രസാഹിത്യ അക്കാദമി തിരുവനന്തപുരം സർക്കാർ വനിതാ കോളേജുമായി ചേർന്നു സംഘടിപ്പിച്ച പി.ഭാസ്കരൻ ജന്മശതാബ്ദി ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മനുഷ്യമനസ്സിനെ ആഴത്തിൽ തൊടുന്നതായിരുന്നു പി.ഭാസ്കരന്റെ കവിതയും ചലച്ചിത്രഗാനവും. ഇന്നും പലരും അറിയാത്ത രാഷ്ട്രീയപ്രവർത്തനത്തിന്റെ നാളുകളും അദ്ദേഹത്തിനുണ്ടായിരുന്നു. പുതിയ തലമുറ പി.ഭാസ്കരനെ ആഴത്തിൽ പഠിക്കണമെന്നും പ്രഭാവർമ പറഞ്ഞു.



▶ പി.ഭാസ്കരൻ ജന്മശതാബ്ദി ദേശീയ ശില്പശാല കവി പ്രഭാവർമ ഉദ്ഘാടനം ചെയ്യുന്നു

കോളേജ് പ്രിൻസിപ്പൽ ജെ.എസ്.അനില അധ്യക്ഷയായി. മുൻ ചീഫ് സെക്രട്ടറി കെ.ജയകുമാർ, സാഹിത്യ അക്കാദമി ഉപദേശകസമിതി അംഗങ്ങളായ ഡോ. സാബു കോട്ടുക്കൽ, ഡോ. ടി.കെ.സന്തോഷ് കുമാർ, മലയാള വിഭാഗം മേധാവി ഡോ. വി.ലാലു, കോളേജ് ഐ.ക്യു.എ.സി. കോഡിനേറ്റർ ഡോ. എസ്.കെ.ഗോഡ്വിൻ എന്നിവർ സംസാരിച്ചു. എൻ.രാജൻ, സാവിത്രി രാജീവൻ, വീരാൻകുട്ടി, വിജയരാജമല്ലിക, എം.കെ.ഹരികുമാർ, ഡി.പി.അജി എന്നിവർ പി.ഭാസ്കരന്റെ കാവ്യലോകത്തെപ്പറ്റി പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സമാപന സമ്മേളനം ഡോ. ജോർജ് ഓണക്കൂർ ഉദ്ഘാടനം ചെയ്യും.